MONTHLY NEWSLETTER OF GURUVAYOOR DEVOTEES FORUM

നവനീതം

എടവം 1181 / MAY 2006

Submitted at the lotus feet of Sri Guruvayoorappan by the devotees.

Navaneetham – May 15th, 2006

Om Namo Narayanaya:

Dear Members,

We have great pleasure to bring you the second edition of our monthly newsletter Navaneetham. Thank you for your kind words regarding our first issue published on Vishu.

Navaneetham is a humble attempt by Guruvayur Devotees Forum to create a monthly news letter for our group. Krishna is so fond of 'Navaneetham', freshly churned butter, and He Himself pervades the whole universe as butter pervades the milk.

Each issue shall carry devotee experiences, thought provoking articles on the Vedas, Ithihasas, Puranas, and Darsanas and beautiful poems from our members. We request all your blessings for this new project and encourage all of you to write Guruvayoorappan related articles, stories, poems and other creative material for our future editions. Please send your comments, suggestions and any materials that you wish to publish to navaneetham@yahoogroups.com

- Editorial Board

വിഷയക്രമം / CONTENTS

Guruvayupuresan – Guruvayoor Temple Details	4	Valluvanaadan
Krishna – pencil drawing	16	Hareesh A.V
A brief introduction to the Geeta	17	Veena Nair
The significance of Raasakrida	19	Dr. Saroja Ramanujam
Concept of God in Gita	20	PS. Vinod
What is ISKCON?	22	Abhilash Nair
Sita - The Epitome of Purity	24	Hari Krishnans
Letters from you-	26	
Self introductions from members	27	
Guruvayur Group News	28	Sunil Menon
Guruvayur Group - devotees get together photo – Bangalore	29	Arun Pillai

കൃഷ്ണാ ഗുരുവായൂരപ്പാ!

ഗുരുവായൂപുരേശൻ

സമ്പാദനം ക്രോഡീകരണം : വള്ളുവനാടൻ

‘ ‘യസ്യസ്മ രണ മ ാ ത്രേണ ജന്മ സംസാ രബന്ധനാ ദ്
വിമുച്യതേ നമസ്തസ്മൈ വിഷ്ണവേ പ്രഭവിഷ്ണവേ
ന മ ഃ സമസ്ത ഭ ൂ ത ാ ന ാ മ ാ ദ ി ഭ ൂ ത ാ യ ഭ ൂ ഭ ൃ ത േ
അനേക രൂപ രൂപായ വിഷ്ണവേ പ്രഭവിഷ്ണവേ’’

ദക്ഷിണേന്ത്യയിലെ ദ്വാരക എന്നറിയപ്പെടുന്ന ഗുരുവായൂർ കേരളത്തിൽ ഏറ്റവും അധികം ഭക്തന്മാർ ദർശിയ്ക്കാൻ എത്തുന്ന പുണ്യ സങ്കേതമാണ്. ഗുരുവായൂരപ്പാ എന്ന് ദിവസത്തിൽ ഒരു തവണയെങ്കിലും വിളിയ്ക്കാത്ത സനാതന ഹിന്ദുക്കൾ കേരളത്തിലും മറുനാട്ടിലെ മലയാളികൾക്കിടയിലും ചുരുക്കമാണ്. ഒരിയ്ക്കൽ ദർശനത്തിനെത്തിയാൽ പിന്നീട് തുടർച്ചയായി ഗുരുവായുരപ്പനെ കാണാനെത്തുകയെന്ന അത്യാകർഷക ശക്തിയാണ് പവനപുരേശന്റെ സന്നിധിയിൽ നിറഞ്ഞുനില്ക്കുന്നത്. ജീവിതം എത്രകണ്ട് തിരക്കുപിടിച്ചതാകുമ്പോഴും എല്ലാം മറന്ന് ഗമരുവായൂരിലേയ്ക്കോടിയെത്തി ആത്മനിർവൃതിയടയാൻ വെമ്പുന്ന ഭക്തരുടെ എണ്ണം ദിവസം പ്രതി കൂടുകയാണ്. അതുതന്നെയാണ് പാവന പുരാലയത്തിന്റെ മഹത്വവും.

പ്രതിഷ്ഠ.

ശംഖ്, ചക്രം, ഗദാ പങ്കജധാരിയായി, ചതുർബാഹുവായ മഹാവിഷ്ണുവായിട്ടാണ് ഗുരുവായൂരിലെ പ്രതിഷ്ഠ. വിഷ്ണുവിന്റെ ഒമ്പതാമത്തെ അവതാരമായ അവതാര കൃഷ്ണനായിട്ടാണ് സങ്കല്പം. അതിവിശിഷ്ടമായ പതാളാഞ്ജനത്തിലാണ് വിഗ്രഹം തീർത്തിരിയ്ക്കുന്നത്.

ചരിത്രം

ഐക്യകേരളം രൂപപ്പെടുന്നതിനുമുമ്പ് ഗുരുവായൂർ സാമൂതിരിയുടെ അധികാരാതിർത്തിയിൽപ്പെട്ട (വള്ളുവനാട്) പൊന്നാനി താലൂക്കിലെ ഒരംശമായിരുന്നു. ഇപ്പോൾ ഇവിടം തൃശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിൽപ്പെടുന്നു. ഗുരുവായൂർ ക്ഷേത്രത്തിന് 5000 വർഷത്തെ പഴക്കമുണ്ടെന്ന് പഴമക്കാർ വിശ്വസിയ്ക്കുന്നെങ്കിലും ഈ തീർത്ഥാടന കേന്ദ്രത്തിന് ആറുനൂറ്റാണ്ടിൽ കുറയാത്ത പഴക്കമേയുള്ളു എന്നാണ് ചില ചരിത്ര ഗവേഷകരുടെ അഭിപ്രായം. ഇന്നു കാണുന്ന ക്ഷേത്രം ആരു നിർമ്മിച്ചു എന്നതിനും ശരിയായ രേഖകൾ ഉള്ളതായി അറിവില്ല. വാസ്തുശിൽപ ശാസ്ത്രമനുസരിച്ച് ആദ്യം ക്ഷേത്രം നിർമ്മിച്ചത് വിശ്വകർമ്മാവാണെന്നാണ് വിശ്വാസം.

ഉൽപ്പത്തി ഐതിഹ്യം

ഗുരുവായൂർ ക്ഷേത്രത്തിന്റെ ഉല്പത്തിയെപ്പറ്റി ശ്രീ നാരദപുരാണ വ്യാഖ്യാനമായ ഗുരുവായൂർപുരഹാത്മ്യത്തിൽ പ്രതിപാദിയ്ക്കുന്നുണ്ട്. സുതപസ്സ് എന്ന പ്രജാപതിയും പത്നിയായ പ്രശ്നിയും സന്താനലബ്ധമണിയ്ക്കായി ബ്രഹ്മാവ് നൽകിയ ദിവ്യ വിഗ്രഹത്തെ പൂജിച്ച് മഹാവിഷ്ണുവിനെ ആരാധിച്ചു, പ്രീതനായ വിഷ്ണു അവർക്കു മുന്നിൽ പ്രത്യക്ഷീഭവിച താൻ തന്നെ പുത്രനായി മൂന്ന് ജന്മം മുന്ന് ഭാവങ്ങളോടെ ഭൂമിയിൽ പിറക്കാമെന്ന് വരം നല്കുകയും ചെയ്തു. ബ്രഹ്മാവ് നൽകിയ വിഗ്രഹം ഈ മൂന്ന് ജന്മങ്ങളിലും പൂജിയ്ക്കാനിടവരട്ടെ എന്ന് അനുഗ്രഹവും നൽകി. അങ്ങനെ മഹാവിഷ്ണു പ്രശ്നിഗർഭനായും വാമനനായും ശ്രീകൃഷ്ണനായും അവതാരമെടുത്തു. മുജന്മത്തിൽ പൂജിച്ചുപാസിച്ചിരുന്ന സ്വയം പ്രകാശപൂർണ്ണമായ ഭഗവാന്റെ പാതാളാഞ്ജന വിഗ്രഹം ശ്രീകൃഷ്ണൻ ദ്വാരകയിൽ പ്രതിഷ്ഠിച്ചു. ദ്വാപര യുഗാന്ത്യത്തിൽ യാദവർ തമ്മിൽ തല്ലി കുലം മുടിയ്ക്കുമെന്നും ഒടുവിൽ ദ്വാരകയെ കടൽ വിഴുങ്ങുമെന്നും അവതാര മഹാവിഷ്ണുവിന് അറിയാമായിരുന്നു. ദ്വാരകയെ കടൽ വിഴുങ്ങുന്നതിനുമുമ്പ് അവിടുത്തെ ശ്രീ കൃഷ്ണ വിഗ്രഹം മാറ്റി ഉചിതമായ സ്ഥാനത്ത് പ്രതിഷ്ഠിയ്ക്കണമെന്ന് സ്വർഗ്ഗാരോഹണത്തിനുമുമ്പ് ശ്രീകൃഷ്ണൻ ഉദ്ധവന് നിർദ്ദേശം നല്കി. ഉദ്ധവൻ ഇക്കാര്യം ദേവഗുരുവായ ബൃഹസ്പതിയെ അറിയിച്ചു, ദേവാചാര്യൻ തന്റെ ശിഷ്യനിൽ ഉത്തമനായ വായുവിനെയും കൂട്ടി വിഗ്രഹപ്രതിഷ്ഠയ്ക്ക് അനുയോജ്യമായ സ്ഥലം തേടി യാത്രയായി. അങ്ങനെ താമരപൂക്കൾ വിരിഞ്ഞു നില്ക്കുന്ന ഒരു മനോഹര സരസ്സും അതിൽ കളിച്ചു നില്ക്കുന്ന സാക്ഷാൽ ശ്രീപരമേശ്വരനെയും കഫണുവാൻ ഇടയായി. രുദ്രഭഗവാൻ ഉപദേശിച്ച പ്രകാരം തടാകത്തിന്റെ തെക്കുവശത്ത് മംഗള മുഹൂർത്തത്തിൽ ഗമരുവും വായുവും ചേർന്ന് ഭഗവാന്റെ വിഗ്രഹം പ്രതിഷ്ഠിച്ചു. അങ്ങനെ ക്ഷേത്രത്തിനും സ്ഥലത്തിനും ഗുരുവായൂർ എന്ന പേരു സിദ്ധിച്ചു എന്ന് ഐതിഹ്യം.

കിഴക്കേ ഗോപുരം

ഭൂപാലൈർ വേനജാദ്യൈഃ കലിമലരഹിതൈരാസ്ഥിതാൻ പുണ്യലോകാൻ
ആരോഢും നിഷ്പ്രയാസം നിജ സുകൃതിജിതാൻ ദിവ്യസോപാനമാർഗ്ഗം
തുങ്ഗം ഹ്യന്നോത്രര്യം ഗുരുപവനപുരേശാഗ്രതോ ഗോപുരാഗ്യ-
വ്യാജേനാധോക്ഷജാങ്ഘ്രൗ കൃതമതിരകരോച്ഛ്രവാലാന്നിധീശ:

ഗുരുവായൂർ ക്ഷേത്രത്തിന്റെ കിഴക്കേ ഗോപുരത്തിൽ തെക്കുഭാഗത്തെ കല്ലിൽ മലയാള ലിപിയിൽ കൊത്തിവെച്ചതാണ് ഈ ശ്ലോകം. ഇതിലെ ഭൂപാലൈർ വേനജാദ്യൈഃ എന്നത് ഈ ഗോപുരം പുനർനിർമ്മിച്ച കലിദിനത്തെ കുറിയ്ക്കുന്നു. ഇത് കൊല്ലവർഷമാക്കിയതിൽ 1014 മകരം 28 വെള്ളിയാഴ്ച എന്ന് കിട്ടുന്നു.

പൂജാവിധികൾ

നാരായണീയത്തിലേയും ജ്ഞാനപ്പാനയിലേയും ശ്ലോകങ്ങൾ കേട്ടാണ് ഗുരുവായൂർ ഉണരുക. ഭക്തിസാന്ദ്രമായ ഓങ്കാരധ്വനി പോലെ പുലർച്ചെ മൂന്ന് മണിയാകുമ്പോഴേയ്ക്ക് ശംഖനാദം. മണിയടിച്ച് തൊഴുത് മേൽശാന്തി ശ്രീകോവിലിന്റെ നട തുറന്ന് വിളക്കുകൾ തെളിയിക്കുന്നു, പൂവും മാലയും വാരിക്കളഞ്ഞ് തേച്ചുകുളി. ആദ്യം എണ്ണയാടൽ. ഈ തൈലാഭിഷേകം നിരന്തരമായി അനേകം വിളക്കുകളിൽ നിന്നുയരുന്ന ചൂടേല്ക്കേണ്ടി വരുന്ന ശിലാവിഗ്രഹത്തിന് കേടുപാടുകൾ വന്നുപെടാതിരിയ്ക്കാനുള്ള നിർവ്വാപണ ക്രിയ കൂടിയാണ്. എണ്ണയാടിയതിനു ശേഷം മിനുമിനുസമായ വാകപ്പൊടി വിതറുന്നു. ഇതാണ് വാകച്ചാർത്ത്. കാലം കൊണ്ട് ബീംബത്തിന്റെ മങ്ങലിന് ഇടവെച്ചേയ്ക്കാമെന്നതിനാൽ വാകപ്പൊടി തേയ്ക്കാറില്ല, വിതറുകയാണ് ചെയ്യുക. തുടർന്ന് അഭിഷേകമാണ്. ഗംഗ, യമുന, ഗോദാവരി, സരസ്വതി, നർമ്മദ, സിന്ധു, കാവേരി എന്നീ 7 പുണ്യനദികളെ വലംപിരിശംഖിലേയ്ക്ക് മന്ത്രതന്ത്രപൂർവ്വം ആവാഹിച്ച് ജലം നിറച്ച് ആ വെള്ളം കൊണ്ടാണ് അഭിഷേകം. ഈ വെള്ളത്തിന് വരുണജലം എന്നാണ് പേര്. ഒടുവിൽ കനകകലശത്തിൽ ശംഖുജലം നിറച്ച് അഭിഷേകം. പട്ടുകൊണ്ട് വെള്ളമെല്ലാമൊപ്പി കിരീടകുണ്ഡലാദികളെ കൊണ്ടും മാലകളെക്കൊണ്ടുമുള്ള അലങ്കാരം. പിന്നെ മലർനിവേദ്യം. ഒപ്പം പഴം, പഞ്ചസാര വെണ്ണ എന്നിവയും.

അഞ്ജന കണ്ണനെ അലങ്കരിച്ചു കഴിഞ്ഞാൽ അടുത്ത ചടങ്ങായ ഉഷഃപൂജ. ഇതിനു വെള്ള നിവേദ്യത്തിനു പുറമെ നെയ്പ്പായസവും. ആറുമണിയോടെ രണ്ടാമത്തെ പൂജ – എതിരേറ്റു പൂജ. പിന്നെ ഉഷഃശീവേലി. മൂന്നാമത്തെ പൂജ - പന്തീരടിപ്പൂജ ഏകദേശം പത്തുമണിയോടെയാണ്. തന്ത്രിയൊ ഓതിയ്ക്കോന്മാരോ മാത്രമേ ഈ പൂജ പതിവുള്ളൂ. ഈ പൂജയ്ക്കിടയിൽ പാലഭിഷേകം. തുടർന്ന് നവകാഭിഷേകത്തിനു ശേഷം ചന്ദനം ചാർത്തലും അലങ്കാരവും. ഉച്ചപ്പൂജയാണ് നാലാമത്തെ പൂജ. ഇത് ഏകദേശം പന്ത്രണ്ട് മണിയാവും. ഇതിനു വെള്ള നിവേദ്യവും പാൽപ്പായസവും തൃമധുരവും. ഈ പൂജ കഴിഞ്ഞ് തുറന്ന് ദർശനത്തിന് ശേഷം ആളുകൾ ഒഴിഞ്ഞാൽ നട അടയ്ക്കും. വൈകുന്നേരം നാലരയ്ക്ക് വീണ്ടും നട തുറക്കുന്നു. അഞ്ചുമണിയോടെ (രണ്ടാമത്തെ) ഉച്ചശീവേലി. സന്ധ്യയോടെ ദീപാരാധന. ഏഴുമണിയോടെ അത്താഴ പൂജ, ഇതിന് നട അടച്ചാണ് അപ്പം നിവേദിയ്ക്കൽ. നട തുറന്നാൽ അത്താഴശീവേലി. അകത്തേയ്ക്ക് എഴുന്നുള്ളിച്ചാൽ തൃപ്പുക. ഭഗവാന് പള്ളിക്കുറുപ്പ് സുഖമാവാൻ സുഗന്ധദ്രവ്യങ്ങളിട്ട് പുകയ്ക്കലാണിത്. പിന്നെ അന്നത്തെ ചെലവുകൾ ഭഗവാനെ കേൾപ്പിയ്ക്കുന്ന ഓലവായനയ്ക്കു ശേഷം നട അടയ്ക്കുന്നു.

തന്ത്രിയും ശാന്തിക്കാരനും

പുഴയ്ക്കൽ ചേന്നാസ് തമ്പൂതിരിപ്പാടാണ് ക്ഷേത്രം തന്ത്രി. ശുകപുരം, പെരുമനം എന്നീ ഗ്രാമങ്ങളിലെ അഗ്നിഹോത്രമോ ഭട്ടവൃത്തിയോ ഉള്ള നമ്പൂതിരിമാരെയാണ് ഇവിടെ മേൽശാന്തിയായി നറുക്കിട്ടെടുത്ത് നിയോഗിയ്ക്കുന്നത്. തന്ത്രി കഴിഞ്ഞാൽ അടുത്ത സ്ഥാനം ഓതിയ്ക്കോന്മാർക്കാണ്. കക്കാട്, മുന്നുലം, പഴയം, പൊട്ടക്കുഴി എന്നീ 4 ഇല്ലങ്ങളിൽ നിന്നുള്ളവരാണ് ഇവർ. കൂടാതെ മറ്റ് പ്രവൃത്തികളിൽ സഹായിയ്ക്കാൻ 13 കീഴ്ശാന്തി കുടുംബങ്ങളുണ്ട്.

ക്ഷേത്രഭരണം

72 നമ്പൂതിരിമാർക്കായിരുന്നു ആദ്യം ക്ഷേത്രത്തിന്റെ ഉടമസ്ഥാവകാശം. കാലക്രമത്തിൽ മല്ലിശ്ശേരി ഇല്ലം ഒഴികെയുള്ളവ കുറ്റിയറ്റുപോകുകയും ക്ഷേത്രമേൽക്കോയ്മ സാമൂതിരിപ്പാടിന് സിദ്ധിയ്ക്കുകയും ചെയ്തു. ബ്രിട്ടീഷ് ആധിപത്യം മലബാറിൽ സ്ഥാപിതമായതിനുശേഷം ക്ഷേത്രത്തിന്റെ ഭരണപമായ മേൽനോട്ടം 1930ലെ മദിരാശി ഹൈക്കോടതി വിധി പ്രകാരം ട്രസ്റ്റിയായ സാമൂതിരിയും മുല്ലശ്ശേരി നമ്പൂതിരിയും കൂടിനിർവ്വഹിച്ചു. 1971ൽ ക്ഷേത്രം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുകയും ഗുരുവായൂർ ദേവസ്വം നിയമം നിലവിൽ വരുകയും ചെയ്തു. ഈ നടപടി ഹൈക്കോടതി റദ്ദാക്കിയെങ്കിലും 1978ൽ ഓർഡിനൻസിലൂടെ ക്ഷേത്രം വീണ്ടും സർക്കാരിലേയ്ക്ക് ഏറ്റെടുത്തു.

1978ലെ ഗുരുവായൂർ ദേവസ്വം നിയമപ്രകാരം തന്ത്രി പുഴക്കരെ ചേന്നാസ് ഇല്ലത്തെ കാരണവർ, മല്ലിശ്ശേരി മനയ്ക്കലെ കാരണവർ, സാമൂതിരി രാജകുടുംബത്തിലെ മൂത്തയാൾ എന്നീ മൂന്ന് സ്ഥിരാംഗങ്ങളും അഞ്ച് സർക്കാർ നോമിനികളും ജീവനക്കാരുടെ ഒരു നോമിനിയും ചേർന്നു ഒമ്പതംഗ സമിതിയാണ് ക്ഷേത്രത്തിന്റെ ഭരണം നടത്തിവരുന്നത്.

കൃഷ്ണനാട്ടം

ഗുരുവായൂർ സന്നിധിയിൽ നിത്യവും അർപ്പിയ്ക്കപ്പെടുന്ന നൃത്താഞ്ജലിയാണ് കൃഷ്ണനാട്ടം. ഗുരുവായൂരപ്പനുമായി സാമൂതിരി രാജവംശത്തിനുള്ള ബന്ധം പ്രതിഷ്ഠ നേടിയത് ഈ കലാ സമർപ്പണത്തിലൂടെയാണ്. കൃഷ്ണനാട്ടത്തിന്റെ കഥയായ കൃഷ്ണഗീതി രചിച്ച സാമൂതിരി രാജാവ് (മാനവേദൻ) വില്വമംഗലം സ്വാമിയാരുടെ
സമകാലികനായിരുന്നു. ഒരു ദിവസം രാജാവും സ്വാമിയാരുമായിട്ട് ഓരോ സല്ലാപം ചെയ്യുകൊണ്ടിരുന്നപ്പോൾ ഭഗവാനെ കാണിച്ചുകൊടുക്കണമെന്ന് രാജാവ് സ്വാമിയാരോട് അപേക്ഷിച്ചു. രാജാവിന്റെ വക ഒരു ക്ഷേത്രത്തിൽ ദർശനത്തിന് പോകുന്ന സമയം അവിടെയുള്ള ഒരു കൊന്നമരത്തിന്റെ ചുവട്ടിൽ ഭഗവാൻ ഉണ്ണികൃഷ്ണനായി പുഷ്പം ശേഖരിച്ചു കൊണ്ടിരിയ്ക്കുന്നത് കാണാമെന്ന് സ്വാമിയാർ പറഞ്ഞു. അപ്രകാരം രാജാവ് ക്ഷേത്രത്തിൽ ചെന്ന സമയം ഭഗവാനെ കാണുകയും ഉടനെ അത്യന്തഭക്തികൊണ്ട് ആനന്ദ പരവശനായിട്ട് ഭഗവാനെ കെട്ടിപ്പിടിയ്ക്കുവാൻ ഭാവിച്ചപ്പോൾ അത് വില്വമംഗലം പറഞ്ഞിട്ടില്ല എന്ന് അരുളിചെയ്ത് ഭഗവാൻ മാറുകയും ചെയ്തു. അപ്പോൾ ഭഗവാന്റെ തിരുമുടിയിൽ നിന്ന് ഒരു മയിൽപ്പീലി രാജാവിന് കിട്ടി. പരമഭക്തനായ രാജാവ് ഈ മയിൽപ്പീലി കൂടെ വെച്ച് കൃഷ്ണന്റെ ഒരു കിരീടവും ആട്ടക്കോപ്പുകളും തീർപ്പിയ്ക്കുകയും കൃഷ്ണാവതാരം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കൃഷ്ണചരിതം കഥ മുഴുവൻ എട്ടുദിവസത്തെ കഥയായിട്ട് സംസ്കൃതത്തിൽ ഉണ്ടാക്കുകയും ചെയ്തിട്ട് അന്നുതൊട്ട് ഭക്തിയോടു കൂടി അതിനെ ആടിച്ചുവന്നു. അവതാര കൃഷ്ണൻ മുതൽ സ്വർഗ്ഗാരോഹണ കൃഷ്ണൻ വരെ എല്ലാവേഷത്തിനും ഒരൊറ്റ കിരീടം പാകമാകുമെന്ന അത്ഭുതവും പറഞ്ഞുകേട്ടിട്ടുണ്ട്. ഇത് ഭഗവാന്റെ കിരീടത്തിൽ നിന്ന് ലഭിച്ച മയിൽപ്പീലി ചൂടിയ കിരീടമായതു കൊണ്ടാണെന്നാണ് ശ്രുതി. ഈ കിരീടം കോവിലകം കത്തിയപ്പോൾ നശിച്ചുപോയതിനാൽ ഇപ്പോൾ ഓരോ കരഷ്ണനും വ്യത്യസ്ത വലിപ്പമുള്ള കിരീടമാണ് ഉപയോഗിയ്ക്കുന്നത്.

ഗുരുവായൂർ കേശവൻ

ഒരു കാലഘട്ടത്തിൽ ജീവനുള്ള മിത്തായിരുന്നു ഗജരാജനായ ഗുരുവായൂർ കേശവൻ. പൂരപ്പറമ്പുകളിലും ആനപ്രേമികളിലും അനശ്വരനായ ഇതിഹാസതുല്യൻ. ആകാരഗാംഭീര്യം കൊണ്ടും അനിതരസാധാരണമായ തലയെടുപ്പുകൊണ്ടും കേശവൻ കേരളീയർക്ക് എന്നും ആനയോളം പോന്ന ഓർമ്മകളാണ്. അതിനു തെളിവാണ് ഗുരുവായൂരിൽ എല്ലാവർഷവും നടന്നുവരുന്ന കേശവൻ അനുസ്മരണം.

രാജകീയ ചൈതന്യവും രാജസ്വഭാവവും ഒത്തിണങ്ങിയ ഗജവീരനായിരുന്നു കേശവൻ. പതിനൊന്നര അടി ഉയരം. എടുത്തുപിടിച്ചു നില്ക്കുന്ന മസ്തകം. എവിടെ ചെന്നാലും തിടമ്പേറ്റണം. എത്ര അവശനായാലും കമളിയ്ക്കാതെ ക്ഷേത്രത്തിനകത്തേയ്ക്ക് കയറില്ല. എഴുന്നള്ളിച്ചു നില്ക്കുമ്പോൾ വാരിവലിച്ചു തിന്നില്ല. ആർക്കും ഉപദ്രവമില്ല. ഒമറം ദിക്കുകളിൽ പോയി ഇടഞ്ഞാൽ നേരെ ക്ഷേത്രത്തിലെത്തി തളയ്ക്കാനുള്ള സ്ഥലത്തുപോയി നില്ക്കും.

കേശവന്റെ ഏറ്റവും വലിയ പ്രത്യേകത തിടമ്പേറ്റുമ്പോഴുള്ള തലയെടുപ്പാണ്. എത്ര കേമന്മാരായാലും ശരി, ഇടതും വലത്തും നില്ക്കുന്ന മറ്റാനകളേക്കാൾ പരമാവധി ഉയരത്തിൽ തന്റെ ശിരസ്സ് പൊന്തിനില്ക്കണമെന്നത് ശേശവന്റെ നിർബന്ധമായിരുന്നു. എഴുന്നള്ളിപ്പിലെ തലയെടുപ്പ് ഒരു കലയാക്കി മാറ്റിയ ഈ അപൂർവ്വസിദ്ധിയായിരുന്നു കേശവനെ ആനകളുടെ കൂട്ടത്തിലെ ഗജരാജാവാക്കിയത്. ഇത്രയധികം പ്രത്യേകതകളും പ്രാഗത്ഭ്യവുമുള്ള ഒരാനയും കേരളം ഇതിനുമുമ്പും പിമ്പും കണ്ടിട്ടില്ല.

1922 ജനുവരി 4ന് 10 വയസ്സുള്ളപ്പോഴാണ് കേശവൻ ഗുരുവായൂരിലെത്തുന്നത്. നിലമ്പൂർ കോവിലകത്തെ വലിയ രാജാവിന്റെ വഴിപാട്. ക്രമേണ കേശവൻ ആനപ്രേമികളുടെ ആരാധനാമൂർത്തിയായി. 1972ലാണ് ലോക ചരിത്രത്തിലാദ്യമായി ഒരാനയുടെ സുവർണ്ണജൂബിലി ഗുരുവായൂരിൽ ആഘോഷിച്ചത്. കോലമണിയിച്ച് ആനകളുടേയും ആയിരക്കണക്കിന് ആരാധകരുടേയും സാന്നിദ്ധ്യത്തിൽ കേശവന് അന്നാണ് ഗജരാജപട്ടം അണിയിച്ചത്.

ജീവിതം പോലെതന്നെ കേശവന്റെ അന്ത്യവും ഒരു മിത്തായി മാറി. 1976 നവംബർ മാസം ഗമരുവായൂരിലെ പ്രസിദ്ധമായ ഏകാദശികാലം. പതിവുപോലെ സ്വർണ്ണക്കോലം ഏറ്റിനിന്നിരുന്ന കേശവൻ, പെട്ടെന്ന് വിറയാർന്ന ശരീരത്തോടെ തളർന്നു വീണു. ഭക്തിസാന്ദ്രമായ ആ നിമിഷത്തിൽ കേശവൻ വിടചൊല്ലുകയായിരുന്നു. ആ ഗജരാജ അനുസ്മരണം വർഷം തോറും ദശമിനാളിൽ ഗുരുവായൂരിൽ ഇന്നും നടത്തിവരുന്നു. ശ്രീവത്സം ഗസ്റ്റ് ഹൗസ് അങ്കണത്തിലെ കേശവന്റെ പ്രതിമയ്ക്കു മുന്നിൽ നടക്കുന്ന ആനത്തറവാട്ടംഗങ്ങളുടെ പ്രണാമമർപ്പിക്കലും പുഷ്പാർച്ചനയും ലോകശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ള ചടങ്ങാണ്.

അനുഷ്ഠാനങ്ങൾ കൂട്ട പ്രാർത്ഥന

മാരുതാധീശ്വര! നിൻകൃപാ വർഷത്താൽ പാരിനെക്കാക്കണേ, നാരായണ
ലോകത്തിലെങ്ങുമേ മംഗളപ്പൂമാരി ലോകൈകനായക തൂകീടണേ

ഗുരുവായൂരപ്പന്റെ തൃപ്പാദത്തിൽ ദിവസേന സമർപ്പിക്കപ്പെടുന്ന കൂട്ടപ്രാർത്ഥനയാണിത്. ഊട്ടുപുരയിലെ നാമജപത്തിന്റെ അവസാനത്തിൽ അതിൽ പങ്കെടുക്കുന്ന എല്ലാവരും ചേർന്നാണ് ഈ പ്രാർത്ഥന ചൊല്ലുന്നത്. ലോകത്തിന്റെ മുഴുവൻ രക്ഷയ്ക്കും മംഗളത്തിനും വേണ്ടി ഇങ്ങനെയൊരു സമൂഹപ്രാർത്ഥന മറ്റെവിടെയെങ്കിലും മുടങ്ങാതെ നടക്കുന്നുണ്ടാവുമെന്ന് തോന്നുന്നില്ല.

ഗുരുവൂയൂർ ക്ഷേത്രത്തിലെ ഊട്ടുപുരയിൽ വെച്ച് ഈ നാമജപം തുടങ്ങിയിട്ട് അറുപതുകൊല്ലത്തിലധികമായി. ആരംഭിച്ചത് നീലകണ്ഠസദ്ഗുരു എന്നു പ്രകീർത്തിതനായ ബ്രഹ്മശ്രീ മേക്കാട് നീലകണ്ഠൻ നമ്പൂതിരിയാണെങ്കിലും,
ശ്രീ ഗുരുവായൂരപ്പന്റെ ദീപാരാധനയ്ക്കു ശേഷമുള്ള ഈ പ്രതിദിന സാധനയായി നാമജപത്തിന് സ്ഥിര പ്രതിഷ്ഠ നൽകിയത് അദ്ദേഹത്തിന്റെ ശിഷ്യനും തിരുനാമാചാര്യൻ എന്ന ദേവസ്വത്താൽ തന്നെ പുരസ്കൃതനും ഭക്തന്മാർക്ക് പ്രത്യക്ഷ ഗുരുവായൂരപ്പനും ആയിരുന്ന ബ്രഹ്മശ്രീ ആഞ്ഞം മാധവൻ നമ്പൂതിരിയാണ്.

തുലാഭാരം

ഭക്തപ്രിയനായ ശ്രീ ഗുരുവായൂരപ്പന്റെ മുന്നിൽ പ്രാർത്ഥനയുമായി എത്തുന്നവർ നടത്തുന്ന വഴിപാടുകളിൽ ഏറ്റവും ശ്രദ്ധേയം തുലാഭാരമാണ്. ഭാരത രാഷ്ട്രപതിമാരായിരുന്ന ആർ.വെങ്കട്ടരാമനും ശങ്കർദയാൽ ശർമ്മയും പ്രധാനമന്ത്രിമാർ ആയിരുന്ന ഇന്ദിരഗാന്ധിയും രാജീവ് ഗാന്ധിയുമെല്ലാം ഇവിടെ തുലാഭാരം വഴിപാട് നടത്തിയിട്ടുണ്ട്. കദളിപ്പഴം, പഞ്ചസാര, പാൽപ്പായസം, എള്ള്, വെണ്ണ, ഇളനീർ എന്നിവ കൊണ്ടുള്ള തുലാഭാരം സർവ സാധാരണം. തംബുരു, ഓടക്കുഴൽ, മോട്ടോർ ബൈക്ക്, സിഗരറ്റ്, മിക്സി, ചന്ദനമുട്ടി, വെള്ളിക്കട്ടി, തേൻ, ചെരിപ്പ് തുടങ്ങിയ റെവവിധ്യമാർന്ന തുലാഭാരങ്ങളും ക്ഷേത്രസന്നിധിയിൽ നടത്താറുണ്ട്.

ആനയോട്ടം

ഗുരുവായൂർ ഉത്സവം കൊടി കയറുന്ന ദിവസം ഉച്ചതിരിഞ്ഞ് കൃത്യം 3 മണിയ്ക്ക് ദേവസ്വത്തിലെ ആനകളെ മഞ്ജുളാൽപരിസരത്തു നിന്നും ക്ഷേത്രത്തിലേയ്ക്ക് മത്സരിച്ച് ഓടിയ്ക്കുന്ന ചടങ്ങാണ് ആനയോട്ടം. ക്ഷേത്രത്തിലെ പാരമ്പര്യ അവകാശി മാതേമ്പാട്ട് നമ്പ്യാർ ആനയ്ക്ക് കഴുത്തിൽ കെട്ടാനുള്ള ചുവന്ന ചരടിൽ കോർത്ത കുടമണി

ആനപ്പാപ്പാന്മാർക്ക് നൽകുന്നതോടെ ആനയോട്ടം ആരംഭിയ്ക്കുകയായി. ആദ്യം ക്ഷേത്രത്തിനുള്ളിൽ പ്രവേശിച്ച് മൂന്നു തവണ പ്രദക്ഷിണം വെച്ച് കൊടിമരം ആദ്യമായി തൊടുന്ന ആനയാണ് ഉത്സവക്കാലത്ത് എഴുന്നള്ളിപ്പിന് തിടമ്പേറ്റുക. പട്ടയും മറ്റും മറ്റാനകൾ ക്ഷേത്രമതിലകത്ത് ഈ ആനയ്ക്ക് എത്തിച്ചു കൊടുക്കും. വിജയിയായ ആനയെ പത്തുദിവസം ക്ഷേത്രമതില്കകത്ത് നിന്ന് പുറത്തിറക്കില്ല. മറ്റുള്ള ജോലികൾക്കൊന്നും വിടില്ല.

ഉത്സവം

കുഭമാസത്തിലെ പൂയം നക്ഷത്രത്തിലാണ് ഗുരുവായൂർ ഉത്സവത്തിന്റെ കൊടിയേറ്റം. ഉത്സവത്തിന്റെ പ്രഥമചടങ്ങാണ് ആചാര്യവരണം. ഊരാളന്മാരിൽ മുതിർന്ന വ്യക്തിയ്ക്കാണ് ഇതിനുള്ള അവകാശം. പിന്നീടാണ് ധ്വജസ്തംഭത്തിന്മേൽ ഉത്സവത്തിന്റെ അടയാളമായ കൊടി കയറ്റുന്നത്. ഉത്സവം കഴിഞ്ഞ് ആറാട്ടു കഴിയുന്നതുവരെയുള്ള കാര്യങ്ങൾ പിന്നീട് തന്ത്രിയുടെ നിർദ്ദേശ പ്രകാരമേ നടത്തുക പതിവുള്ളൂ.

ഉത്സവച്ചടങ്ങുകൾ കൂടുതൽ നിഷ്ഠയോടും ചിട്ടയോടും അതീവശ്രദ്ധയോടെ നടത്തിവരുന്നു. ഉച്ചപൂജയ്ക്കു ശേഷം ഉച്ചശീവേലിയ്ക്ക് എഴുന്നള്ളിയ്ക്കുന്നതുവരെ കൂത്തമ്പലത്തിൽ വച്ച് ചാക്യാർകൂത്ത് നടക്കും. കാഴ്ചശീവേലിയ്ക്കു പഞ്ചാരിമേളമുണ്ടായിരിയ്ക്കും. ദീപാരാധനയ്ക്കുശേഷം ഗംഭീരമായ നാദസ്വരമേളമാണ്. ഉത്സവകാലത്ത് നടത്താറുള്ള ഉത്സവബലിയിൽ സപ്തമാതൃക്കൾക്ക് ബലി തൂവുന്ന സമയത്തെ ഭഗവൽദർശനം പ്രത്യേകിച്ചും പുണ്യപ്രദമാണ്. എട്ടാം ദിവസത്തെ ശ്രീഭൂതബലി ഉത്സവകാലത്തെ താന്ത്രികവിധിയനുസരിച്ച് പ്രാധാന്യമേറിയ ഒരു അനുഷ്ഠാനമാണ്. തന്ത്രിയാണ് ഇതിന്റെ കാർമ്മികൻ. ഈ ചടങ്ങിന് പാണി എന്ന വാദ്യത്തിന്റെ അകമ്പടി പ്രത്യേകതയാണ്.

ഒമ്പതാം ദിവസം ദീപാരാധനയ്ക്കു ശേഷം ഭഗവാൻ ക്ഷേത്രത്തിനുള്ളിൽ നിന്നും പുറത്തേയ്ക്കെഴുന്നെള്ളി, ഗ്രാമ ബലിഘോഷ യാത്ര നടത്തുന്നു. പിന്നീട് പള്ളിവേട്ട. ഒച്ചപ്പാടും കൊട്ടും വാദ്യവുമൊന്നും കൂടാതെ ഭഗവാൻ കിഴക്കെ നടയിലെ പഴയ ദേവസ്വം ഓഫീസിന്റെ ഭാഗത്തേയ്ക്കു നീങ്ങുന്നു. ഇതിനകം പന്നിയുടെ വേഷമണിഞ്ഞ് ഭക്തന്മാർ പള്ളിവേട്ടയ്ക്ക് തയ്യാറെടുത്തു നിൽക്കുന്നു. കുട്ടികളും മുതിർന്നവരും ഒരുപോലെ വഴിപാടായി പന്നിവേഷം കെട്ടുക പതിവുണ്ട്. അവരെ താങ്ങിക്കൊണ്ട് ഇരുവശത്തും ധാരാളം പേർ സഹായികളായും ഉണ്ടാവും. ദേഹം മുഴുവൻ ഇലയും തൂപ്പും കെട്ടി, ശരീരം മൂടി, പന്നിയുടെ മുഖം കൃത്രിമമായി നിർമ്മിച്ച്, മുഖത്തണിഞ്ഞു കൊണ്ടു നടക്കുന്ന അവരെ പന്നിമാനുഷം എന്നുവിളിയ്ക്കുന്നു.

ആറാട്ട്

പള്ളിവേട്ടയുടെ പിറ്റേന്നാണ് ഭഗവാന്റെ ആറാട്ട്. ഉത്സവച്ചടങ്ങുകളുടെ സമാപനമാണ് ഇലതാടെ നിർവ്വഹിയ്ക്കപ്പെടുന്നത്. അന്നു പതിവുപോലെ കാലത്ത് മൂന്നു മണിയ്ക്ക് നട തുറക്കില്ല. ഭഗവാൻ പള്ളിയുറക്കമുണരുന്നത് ശംഖനാദം കേട്ടാണ്. ഉണരുമ്പോൾ കണികാണാനായി ഒരു പശുക്കുട്ടിയെ ഒരുക്കി നിർത്തിയിരിയ്ക്കും. അന്നേ ദിവസം തീർത്ഥജലത്തിലുള്ള അഭിഷേകത്തിനു പുറമെ ചാന്തുകൊണ്ടും വിഗ്രഹത്തിന്മേൽ അഭിഷേകം നടത്തും. ഉത്സവ വിഗ്രഹങ്ങളിൽ ഒരെണ്ണം സ്വർണ്ണം കൊണ്ടുള്ളതും മറ്റേത് പഞ്ചലോഹം കൊണ്ടുള്ളതുമാണ്. ആറാട്ടുദിവസം മാത്രമേ പഞ്ചലോഹവിഗ്രഹം പുറത്തെടുക്കുകയുള്ളൂ. ഭാരത ഭട്ടതിരിമാരിലൊരാൾ ഭഗവാനെ പുരാണം വായിച്ചു കേൾപ്പിയ്ക്കുന്നു. വിഗ്രഹം പിന്നീട് ശ്രീലകത്തിനുള്ളിലേയ്ക്ക് എഴുന്നെള്ളിച്ച് യഥാസ്ഥാനത്തു വെയ്ക്കുന്നു.

അഷ്ടമിരോഹിണി

ചിങ്ങമാസത്തിലെ രോഹിണി നക്ഷത്രത്തോടൊന്നിച്ച് അഷ്ടമി വരുന്ന ദിവസമാണ് അഷ്ടമിരോഹിണി. ശ്രീകൃഷ്ണ ഭഗവാന്റെ ജന്മദിനമാണ് അന്ന്. ശ്രീകൃഷ്ണജയന്തി ഗുരുവായൂരിൽ അതിവിപുലമായി ആചരിച്ചുവരുന്നു.

നാരായണീയദിനം

വൃശ്ചികം 28ാം തീയ്യതിയാണ് മേല്പത്തൂർ നാരായണ ഭട്ടതിരിപ്പാടിന്റെ നാരായണീയ രചന സമാപിച്ചത്. ഇതിന്റെ

സ്മാരകമായിട്ടാണ് അന്നേദിവസം ഗുരുവായൂർ ദേവസ്വം നാരായണീയ ദിനമായി ആഘോഷിച്ചുവരുന്നത്.

കുചേലദിനം

ധനുമാസത്തിലെ മുപ്പെട്ടു ബുധനാഴ്ചയാണ് കുചേലദിനമായി ആചരിയ്ക്കപ്പെടുന്നത്. കുചേലബ്രാഹ്മണൻ സതീർത്ഥ്യനായിരുന്ന ശ്രീകൃഷ്ണനെ കാണാൻ ദ്വാരകയിലേയ്ക്ക് ചെന്നതും, താൻ കൊണ്ടുവന്ന അവിൽ ഭഗവാനു നൽകിയതും, ഈ സുദിനത്തിലായിരുന്നു.

മേടവിഷു

വിഷുവത്സര പുണ്യകാലങ്ങൾ രണ്ടാണ്; മേടവിഷുവും തുലാവിഷുവും. മേടത്തിലെ വിഷു പുതുവത്സരപ്പിറവിയായി
കണക്കാക്കപ്പെടുന്നു. തന്റെ അവതാരകാര്യങ്ങൾ നിറവേറ്റിയശേഷം ശ്രീകൃഷ്ണൻ സ്വർഗ്ഗാരോഹണം ചെയ്തത് വിഷുദിനത്തിലായിരുന്നുവത്രെ. ആദിത്യൻ നേരെ കിഴക്കു ഭാഗത്ത് ഉദിയ്ക്കുന്നത് അന്നാണ്.

നിറയും പുത്തരിയും

നെൽപ്പാടങ്ങളിൽ നിന്നും ആദ്യമായി കൊയ്തെടുക്കുന്ന കതിർക്കറ്റകൾ ക്ഷേത്രസന്നിധിയിലേയ്ക്ക് കൊണ്ടുവരുന്നു. പൂജകഴിച്ച നെൽക്കതിരുകളാൽ ക്ഷേത്രകവാടങ്ങളും ക്ഷേത്രമൂലകളും മറ്റും അലങ്കരിയ്ക്കുകയായി.
ഈ നെൽക്കതിരുകൾ പിന്നീട് ഭക്തജനങ്ങൾക്ക് പ്രസാദമായി കൊടുക്കുന്നു. ഈ പ്രസാദം ഗൃഹത്തിൽ സൂക്ഷിയ്ക്കുന്നത് സമ്പത്സമൃദ്ധിയ്ക്കും ആയൂരാരോഗ്യത്തിനും വിശേഷമാണെന്ന് ഭക്തജനങ്ങൾ വിശ്വസിയ്ക്കുന്നു. ഇല്ലം നിറ, വല്ലം നിറ, വട്ടിനിറ, കൊട്ട നിറ, ചെല്ലം നിറ, പത്തായം നിറ എന്നിങ്ങനെ വായ്ത്താരി പാടുക ഗൃഹങ്ങളിൽ പതിവുണ്ട്.

ചിങ്ങമാസത്തിലെ തിരുവോണം മഹാവിഷ്ണുവിന്റെ വാമനാവതാരം നടന്ന ദിവസമാണെന്നാണ് സങ്കല്പം. ഈ സുദിനം ഗുരുവായൂരിലും പ്രതിവത്സരം ആഘോഷിച്ചുവരുന്നു. കൂടാതെ, ഉത്രാട കാഴ്ചക്കുലവെപ്പ് ഇവിടെ പ്രധാനമാണ്. ഉത്രാട ദിവസം രാവിലെ ശീവേലിയ്ക്ക് ശേഷം, കൊടിമരച്ചുവട്ടിൽ, ഭഗവാന് മുമ്പിൽ ശാന്തിക്കാരൻ കാഴ്ചക്കുല സമർപ്പിയ്ക്കുന്നു.

ഗുരുവായൂർ ഏകാദശി

വൃശ്ചികമാസത്തിലെ ശുക്ലപക്ഷ ഏകാദശിയാണ് ഗുരുവായൂർ ഏകാദശിയായി കൊണ്ടാടുക. ഈ ഏകാദശി ഉത്ഥാന ഏകാദശി എന്നും പറയപ്പെടുന്നു. ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനന് ഗീത ഉപദേശിച്ചത് ഈ ദിനത്തിലാണെന്നാണ് സങ്കല്പം. അതുകൊണ്ട് ഗീതാദിനമായും ഈ ദിവസത്തിന് പ്രാധാന്യമുണ്ട്. മോക്ഷവഴിയുടെ ഭക്തിമാർഗ്ഗത്തിലാണ് ഗുരുവായൂർ ഏകാദശി. ഭഗവത് പാദങ്ങളിൽ സ്വയം സമർപ്പിച്ച് ഭക്തർക്ക് മോക്ഷതീരം നേടാനുള്ള ആത്മീയപാത. വ്രതവിശുദ്ധിയുടെ ഏകാദശിനോമ്പ് ഹിന്ദുമത വിശ്വാസികളുടെ പുണ്യാചാരങ്ങളിലൊന്നാണ്. സർവ്വ പാപങ്ങൾക്കും മോക്ഷദാതാവായ ഗുരുവായൂർപുരേശന്റെ ദിവ്യകൈശോരരൂപം ദർശിച്ചു പാപമുക്തി നേടാൻ ഈ ദിവസം വൻ ഭക്തജനത്തിരക്കാണ് ഗുരുവായൂരിൽ.
പുനർജനി ഗുഹയിലൂടെയുള്ള പുരുഷന്മാരുടെ നൂണ്ടു കടക്കലാണ് ഗുരുവായൂർ ഏകാദശിയോടനുബന്ധിച്ചുള്ള പ്രധാന ആചാരം. വള്ളുവനാട്ടിലെ തിരുവില്വാമല ക്ഷേത്രത്തിൽ നിന്നു കിഴക്ക് രണ്ടു കിലോമീറ്ററകലെ പ്രകൃതി രൂപപ്പെടുത്തിയ ഈ ഗുഹാതുരങ്കത്തിന് 15 മീറ്റർ നീളമുണ്ട്. ഇതിലൂടെ ഒരറ്റത്തുനിന്നു മറ്റേയറ്റത്തേയ്ക്ക് നൂണ്ടുകയറുന്നത് പാപങ്ങളെല്ലാം പോക്കി പുനർജന്മം നൽകുമെന്നാണ് വിശ്വാസം. വില്വാദ്രിനാഥക്ഷേത്രത്തിലെ മേൽശാന്തി ഗുഹാമുഖത്തെ പൂജയ്ക്കുശേഷം നെല്ലിയ്ക്കയുരുട്ടി അതിനെയനുഗമിച്ച് പുനർജനി നൂഴുന്നു. മേൽശാന്തിയോടൊപ്പം മറ്റു ഭക്തജനങ്ങളും പുനർജനി നൂഴുന്നു.

ചെമ്പൈ സംഗീതോത്സവം

ചെമ്പൈ വൈദ്യനാഥഭാഗവതർ എളിയ നിലയിൽ ആരംഭിച്ച ഏകാദശി കച്ചേരി ഇന്ന് ഇന്ത്യയിലെ ഏറ്റവും

മികച്ച സംഗീതോത്സവമായി മാറി. 1975ലാണ് ഗുരുവായൂർ ദേവസ്വം ഏകാദശിക്കാലത്ത് ചെമ്പൈ സംഗീതോത്സവത്തിന് തുടക്കം കുറിച്ചത്. 12 ദിവസം നീണ്ടുനില്ക്കുന്നതും സഹസ്രങ്ങൾ പങ്കാളികളാവുന്നതുമായ സംഗീതോത്സവം. ഏകാദശിയോടടുത്ത അഞ്ചുദിവസത്തെ പരിപാടി ആകാശവാണി - ദൂരദർശൻ നിലയങ്ങൾ നേരിട്ടു പ്രക്ഷേപണം ചെയ്യുവരുന്നു. അടുത്ത കാലത്തായി മറ്റു ദൃശ്യമാധ്യമങ്ങളും സംഗീതോത്സവം സംപ്രേഷണം ചെയ്യുന്നു. സ്വർഗ്ഗസ്ഥനായ സംഗീതസാമ്രാട്ട് ചെമ്പൈ വൈദ്യനാഥഭാഗവതരുടെ സ്മരണയ്ക്കായി ഗുരുവായൂർ ദേവസ്വം എല്ലാ വർഷവും നടത്തുന്ന സംഗീതസദസ്സാണ് ഇത്. ക്ഷേത്രം ഊട്ടുപുരയിൽ പ്രത്യേകം തയ്യാറാക്കിയ സംഗീത മണ്ഡപമാണ് ഇതിന്റെ വേദി. ഭാരതത്തിലെ പ്രശസ്തരായ കർണ്ണാടക സംഗീതവിദ്വാന്മാർ മുതൽ തുടക്കക്കാരായ സംഗീത വിദ്യാർത്ഥികൾ വരെ ഇതിൽ പങ്കെടുക്കുന്നു. ഏകാദശി ദിവസം രാത്രി ശ്രീരാഗത്തിലുള്ള ''കരുണ ചെയ്വ്വാനെന്തു താമസം കൃഷ്ണ്ണാ'' എന്ന സങ്കീർത്തനത്തോടെ സംഗീതോത്സവം സമാപിയ്ക്കുന്നു. ശ്രീ ഗുരുവായൂരപ്പന്റെ മുമ്പിൽ സംഗീതാർച്ചന ഭക്തിപുരസ്സരം നടത്തി കൃതാർത്ഥരായി ഗായകർ വിടവാങ്ങുന്നു.

വൈശാഖം

മേടമാസത്തിലെ കറുത്തവാവു കഴിഞ്ഞാൽ വൈശാഖ പുണ്യകാലം ആരംഭിയ്ക്കുന്നു. കേരളീയർക്ക് വൈശാഖകാലം
ഏറ്റവും പ്രാധാന്യമേറിയ ഒന്നാണ്. ആ സമയത്ത് ഗുരുവായൂരിൽ വന്വിച്ച ഭക്തജനത്തിരക്ക് അനുഭവപ്പെടുന്നു. നവരാത്രിപൂജയാണ് മറ്റൊരാഘോഷം. ഈ ആഘോഷം പ്രഥമ മുതൽ ദശമി വരെ 10 ദിവസമാണ്.

ചന്ദ്രവാര്യർ

ഗുരുവായൂർ ക്ഷേത്രച്ചടങ്ങുകളെ സംബന്ധിച്ച് ആധികാരിക നിഘണ്ടുവാണ് ചന്ദ്രവാര്യർ. കേവലം ഒരു കഴകക്കാരൻ എന്നതിലുപരി തന്റെ സേവനം അനുഷ്ഠാനകർമ്മമായി, ഉപാസനയായി നിർവഹിയ്ക്കുകയാണ് ചന്ദ്രവാരിയർ. ക്ഷേത്രത്തിലെ ശുദ്ധികലശം ഉത്സവം, ഏകാദശി, അഷ്ടമിരോഹിണി, വിഷു, കുചേലദിനം, നിറ, പുത്തരി തുടങ്ങി എല്ലാ വിശേഷങ്ങൾക്കും ചന്ദ്രവാരിയർ നേതൃത്വം നൽകുന്നു. ഗുരുവായൂർ തിരുവെങ്കടാചലപതി ക്ഷേത്രസമിതിയുടെ പ്രസിഡന്റും അയ്യപ്പഭജന സംഘത്തിന്റെ സാരഥിയും കൂടിയാണ് ഇദ്ദേഹം.

ക്ഷേത്രദർശനം

ക്ഷേത്രത്തിന് വടക്കു ഭാഗത്തുള്ള രുദ്രതീർത്ഥത്തിൽ കുളിച്ച് ശുദ്ധമായി, ക്ഷേത്രത്തിന്റെ കിഴക്കേ ഗോപുരം വഴി കടന്ന്, നാലമ്പലത്തിനകത്ത് ദർശനം നടത്തുക. ഈറനോടെ ദർശനം നടത്തുന്നതാണ് അഭികാമ്യം. ക്ഷേത്രനിയമങ്ങൾക്കും ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അനുസൃതമായി സാവധാനം ദർശനം നടത്തുക. ക്ഷേത്രം കഴകവൽക്കാരോടും ഉദ്യോഗസ്ഥന്മാരോടും പരമാവധി സഹകരിച്ച് സംശയം നിവൃത്തിച്ച് ദർശനം നടത്തുക. ഷർട്ട്, ബനിയൻ, പാന്റ്, പൈജാമ, ലുങ്കി, ചുരിദാർ, ചെരുപ്പ് എന്നിവ ധരിച്ച് ക്ഷേത്രത്തിനകത്ത് പ്രവേശിയ്ക്കരുത്; ദേവസ്വത്തിന്റെ ക്ലോക്ക് റൂമിൽ സൗജന്യമായി ഇവ സൂക്ഷിയ്ക്കാവുന്നതാണ്. ഇതിനായി കിഴക്കും പടിഞ്ഞാറും നടകളിൽ സൗകര്യംഏർപ്പെടുത്തിയിട്ടുണ്ട്. ക്യാമറ, വീഡിയോ, ടേപ്പ് റിക്കാർഡർ, റേഡിയോ തുടങ്ങിയവ നാലമ്പലത്തിനകത്ത് കൊണ്ടുപോകരുത്. ക്ഷേത്രമതിൽക്കകത്തെ വലിയ ബലിക്കല്ലിൽ കയറി ക്ഷേത്രദർശനം ചെയ്യരുത്. വിവാഹം കഴിഞ്ഞ നവദമ്പതികൾ നാലമ്പലത്തിനകത്ത് പ്രവേശിയ്ക്കാൻ പാടില്ല. ക്ഷേത്രത്തിനകത്ത് തുപ്പുകയോ മറ്റ് അശുദ്ധിവരുത്തുകയോ ചെയ്യരുത്. ക്ഷേത്രത്തിനകത്ത് മൂത്രം ഒഴിച്ച് അശുദ്ധമാവുകയോ മറ്റോ ചെയ്ത് അസ്ഥലം അശുദ്ധമായാൽ, പുണ്യാഹത്തിനുള്ള ചെലവ് രക്ഷിതാക്കളിൽനിന്ന് ദേവസ്വം ഈടാക്കുന്നതാണ്. അതുകൊണ്ട് ചെറിയ കുട്ടികളെ നാലമ്പലത്തിനകത്ത് അധികസമയം നിർത്തരുത്.

അനുബന്ധക്ഷേത്രങ്ങൾ

ഗുരുവായൂർ ദർശനം പൂർണ്ണമാകണമെങ്കിൽ മമ്മിയൂർ, തിരുവെങ്കിടം, പാർത്ഥസാരഥി ക്ഷേത്രം എന്നിവ കൂടി സന്ദർശിച്ചു ദർശനം നടത്തണം, രുദ്രതീർത്ഥത്തിന്റെ തെക്കുപടിഞ്ഞാറെ മൂലയിൽ നിന്നും കഷ്ടിച്ച് ഒരു

കിലോമീറ്റർ അകലെയാണ് **മമ്മിയൂർ ശിവക്ഷേത്രം**
മമ്മിയൂരിൽനിന്നും ഗുരുവായൂർ റെയിൽവേ സ്റ്റേഷനിലേയ്ക്കുള്ള വഴിയിൽ ഒന്നരകിലോമീറ്റർ പോകുമ്പോൾ **തിരുവെങ്കിടം** ക്ഷേത്രമായി. വെങ്കടാചലപതിയുടെ പ്രതിഷ്ഠയാണ് ഇവിടെ. തേരിന്റെ രൂപത്തിലാണ് പാർത്ഥസാരഥി ക്ഷേത്രശ്രീകോവിൽ. ചമ്മട്ടിയേന്തിയ ശ്രീകൃഷ്ണനാണ് ഇവിടെ പ്രതിഷ്ഠ.

ഗുരുവായൂർ ക്ഷേത്രത്തിന്റെ മതിലകത്തു തന്നെയാണെങ്കിലും **ഇടത്തരികത്തുകാവ്** വേറെ ദേവിക്ഷേത്രം തന്നെയാണ്. ഭഗവതിയാണ് ഇവിടെ പ്രധാന പ്രതിഷ്ഠ.

നാരായണൻകുളങ്ങര ക്ഷേത്രം : മറ്റൊരു കീഴ്ടം. ഇത് മമ്മിയൂർ അംശത്തിലാണ്. ദേവിക്ഷേത്രമായ ഇവിടെ മകര മാസത്തിൽ ഉത്സവവും താലപ്പൊലിയും നടത്തപ്പെടുന്നു.

ചെമ്പകശ്ശേരി ക്ഷേത്രം : നാരായണൻകുളങ്ങര ക്ഷേത്രത്തിൻ പടിഞ്ഞാറായി സ്ഥിതി ചെയ്യുന്നു. എന്താണ് ഇവിടുത്തെ പ്രതിഷ്ഠയെന്ന് ഇപ്പോഴും തിട്ടമില്ല. ഈ ക്ഷേത്രവും ഗുരുവായൂരിന്റെ കീഴ്ടമാണ്.

ആളൂർ ക്ഷേത്രം : ഇവിടെ പ്രധാനപ്രതിഷ്ഠ അയ്യപ്പനാണ്. കുംഭമാസത്തിലെ തിരുവാതിര നാളിലാണ് ഇവിടെ ആറാട്ട്.
ആറാട്ടുദിവസം അയ്യപ്പൻ ഗുരുവായൂർക്ക് എഴുന്നള്ളാറുണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. മറ്റൊരു കീഴ്ടമാണ്.

താമരയൂർ ക്ഷേത്രം : സാമാന്യം വലിയൊരു ക്ഷേത്രമാണ്. ഗുരുവായൂർ ക്ഷേത്രത്തിന്റെ ഒരു കീഴ്ടമാണിത്.

വെട്ടമാനൂർ ക്ഷേത്രം : വലമ്പനാട് കുനിശ്ശേരിയ്ക്കടുത്ത് പാറക്കുളം എന്ന സ്ഥലത്താണ്. ഈ ക്ഷേത്രവും ഇപ്പോൾ ഗുരുവായൂരിന്റെ കീഴ്ടമാണ്. ശിവരാത്രിയാണ് ഇവിടെ പ്രധാനം.

തലക്കോട്ടുകരക്ഷേത്രം : കുന്ദംകുളത്തിനടുത്തുള്ള സമാന്യം വലിയ ശിവക്ഷേത്രമാണ്. ഒരേ ചുറ്റമ്പലത്തിൽ 2 ശ്രീകോവിലുകൾ കാണാം. ഒന്നിലുള്ളത് സ്വയം ഭൂലിംഗമാണ്. ഈ ക്ഷേത്രവും ഗുരുവായൂരിന്റെ കീഴ്ടമാണ്.

അഞ്ഞൂർ അയ്യപ്പ ക്ഷേത്രം : ഗുരുവായൂർ - തൃശൂർ റോഡിൽ മുണ്ടൂർ എന്ന സ്ഥലത്താണ്. ഈ ക്ഷേത്രവും ഗുരുവായൂരിന്റെ കീഴ്ടമാണ്.

മാങ്ങാഞ്ചിറ ശ്രീകൃഷ്ണ ക്ഷേത്രം : ഗുരുവായൂരിന് വടക്കുമാറി പെരുവല്ലൂർ അന്നകര ദേശത്താണ് സ്ഥിതി ചെയ്യുന്നത്. ഈ ക്ഷേത്രവും ഗുരുവായൂരിന്റെ കീഴ്ടമാണ്.

പുന്നത്തൂർ ക്ഷേത്രം : ഗുരുവായൂർ ദേവസ്വത്തിന്റെ ആനത്താവളം സ്ഥിതി ചെയ്യുന്ന സ്ഥലത്താണ് ഇത്. ഭഗവതിയുടെയും വിഷ്ണുവിന്റെയും പ്രതിഷ്ഠകളാണ് ഇവിടെയുള്ളത്. ഇതും ഗുരുവായൂരിന്റെ കീഴ്ടമാണ്.

നെന്മിനി ബലരാമ ക്ഷേത്രം : നെന്മിനി മനക്കാരുടെ വകയായിരുന്നു ഈ ക്ഷേത്രം. ഗുരുവായൂരിൽനിന്ന് 3 കിലോ മീറ്റർ മാറി സ്ഥിതി ചെയ്യുന്നു. ഈ ക്ഷേത്രവും ഗുരുവായൂരിന്റെ കീഴ്ടമാണ്.

അയ്യപ്പൻ കാവ് ക്ഷേത്രം : നെന്മിനി മനക്കാരിൽ നിന്നു തന്നെയാണ് ദേവസ്വം ഏറ്റെടുത്തത്. മീനത്തിലെ മകയിരം നാളിലെ പ്രതിഷ്ഠാദിനമാണ് ഇവിടെ പ്രധാനം.
കാർത്ത്യായനി ക്ഷേത്രം : ഗുരുവായൂരിൽ നിന്ന് പടിഞ്ഞാറ് കോട്ടപ്പടിയ്ക്ക് സമീപം കാവീട് എന്ന ദേശത്ത്. മറ്റൊരു കീഴ്ടം

ദർശനസൗകര്യങ്ങൾ

വഴിപാടുകളെ കുറിച്ചുള്ള എല്ലാ വിവരങ്ങളും കിഴക്കേ ഗോപുരത്തിലെ ക്ഷേത്രം ഓഫീസിൽ നിന്നും ലഭിയ്ക്കും. ക്ഷേത്രത്തിന് വടക്കു വശത്തുള്ള ഊട്ടുപുരയുടെ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന കൗണ്ടറുകളിൽ നിന്ന് വഴിപാടുകൾ ശീട്ടാക്കാനും പ്രസാദം വാങ്ങാനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സാധുക്കൾക്ക് അന്നദാനം നൽകാൻ ഉദ്ദേശിയ്ക്കുന്നവർ ബുക്കിങ്ങ് കൗണ്ടറിനു മുന്നിൽ തന്നെ വെച്ചിട്ടുള്ള പെട്ടിയിൽ രശീതുകൾ നിക്ഷേപിയ്ക്കേണ്ടതാണ്. ക്ഷേത്രത്തിൽ ദേവസ്വം യാചകവൃത്തി കർശനമായി നിരോധിച്ചിട്ടുള്ളതാണ്.

ആൾരൂപങ്ങൾ വഴിപാടു ചെയ്യാൻ ഉള്ളവർക്ക് സ്വർണ്ണം കൊണ്ടും വെള്ളി കൊണ്ടുമുള്ള യഥാർത്ഥ ആൾരൂപങ്ങൾ ഗുരുവായൂർ ദേവസ്വം നേരിട്ടു നൽകുന്നുണ്ട്. ആവശ്യക്കാർ കൊടിമരത്തിന് മുന്നിലുള്ള കാവൽക്കാരോട് ആവശ്യപ്പെട്ടാൽ ഇവ ലഭിയ്ക്കുന്നതാണ്. ആൾരൂപം കൊടിമരത്തറയ്ക്ക് മുന്നിൽ വെച്ച് തൊഴുത്, ഉദ്ദേശിച്ച സംഖ്യ ഭണ്ഡാരത്തിൽ നിക്ഷേപിച്ചാൽ മതിയാകും. വഴിപാടു ചെയ്യാൻ ഉദ്ദേശിയ്ക്കുന്ന സ്വർണ്ണം, വെള്ളി തുടങ്ങിയ വിലപിടിച്ചവ ക്ഷേത്രത്തിനകത്ത് ശ്രീകോവിലിനടുത്തുള്ള വലിയ ഭണ്ഡാരത്തിൽ നിക്ഷേപിയ്ക്കാവുന്നതാണ്.
ക്ഷേത്രസംബന്ധമായ കത്തുകളും വഴിപാടുകളും

അഡ്മിനിസ്ട്രേറ്റർ,
ഗുരുവായൂർ ദേവസ്വം ഗുരുവായൂർ 680101 എന്ന വിലാസത്തിൽ മാത്രം അയയ്ക്കുക.

വഴിപാടുകൾ അയയ്ക്കുമ്പോൾ പൂർണ്ണവിലാസം വ്യക്തമായിരിയ്ക്കണം.

ക്ഷേത്രത്തിനു പുറത്ത്

സാംസ്കാരികം, വിദ്യാഭ്യാസം, ശുശ്രൂഷ എന്നിവ ലക്ഷ്യമാക്കി ഗുരുവായൂർ ദേവസ്വത്തിനു കീഴിൽ പല സ്ഥാപനങ്ങളും പ്രവർത്തിയ്ക്കുന്നു. 1964ൽ സ്ഥാപിതമായതാണ് ശ്രീകൃഷ്ണ ഒന്നാം ഗ്രേഡ് കോളേജ്. പ്രശസ്തമാണ് ഈ വിദ്യാഭ്യാസ സ്ഥാപനം. ഇതിനോടനുബന്ധിച്ച് ഒരു ഹൈസ്ക്കൂളും, നഴ്സറിയും, ഇംഗ്ലീഷ് മീഡിയം സ്കൂളും നടത്തിവരുന്നു.

കൃഷ്ണനാട്ടത്തിന്റെ ശിക്ഷണത്തിനായി നടത്തിവരുന്ന സ്ഥാപനമാണ് ക്ഷേത്രകലാനിലയം. കളമെഴുത്തിലും വാദ്യകലകളിലും പഞ്ചവാദ്യം, ചെണ്ട, കൊമ്പ്, കുഴൽ എന്നിവയ്ക്കും ഇവിടെ ശിക്ഷണം നൽകപ്പെടുന്നു. ചുമർ ചിത്രകല പഠിപ്പിയ്ക്കുന്ന ഒരു സ്ഥാപനവും ദേവസ്വം സത്രത്തിനുള്ളിൽ നടത്തിവരുന്നു. അഞ്ചു കൊല്ലത്തെ പഠനത്തിനുശേഷം ഈ വിഷയത്തിൽ ഡിപ്ലോമ നൽകുന്നു. ക്ഷേത്രത്തിന് തെക്കു വശത്ത് ശ്രീവത്സം ഗസ്റ്റ് ഹൗസിനടുത്ത് പ്രവർത്തിയ്ക്കുന്ന മെഡിയ്ക്കൽ സെന്ററും ദേവസ്വം വകയാണ്. ആധുനിക സൗകര്യങ്ങളോടു കൂടിയ 75 കിടക്കകളുള്ള ഈസ്ഥാപനത്തിൽ ചികിത്സാ സൗകര്യം സൗജന്യമാണ്.

വഴിപാടായി വന്ന അമൂല്യങ്ങളായ വസ്തുക്കൾ ശേഖരിയ്ക്കപ്പെട്ട ഒരു മ്യൂസിയം സത്രം ബംഗ്ലാവിൽ പ്രവർത്തിയ്ക്കുന്നുണ്ട്. കാലത്ത് 8 മണി മുതൽ രാത്രി 8 മണി വരെ പ്രവേശനം സൗജന്യം പഴയസത്രത്തിന്റെ ഒന്നാം നിലയിൽ പ്രവർത്തിയ്ക്കുന്ന മതഗ്രന്ഥശാലയിൽ വിവിധ ഭാഷകളിലുള്ള ഗ്രന്ഥങ്ങളുടെ വിപുലമായ ശേഖരം ഉണ്ട്. ക്ഷേത്രത്തിൽ നിന്ന് ഉദ്ദേശം 3 കിലോമീറ്റർ അകലെ, പുന്നത്തൂർ കോട്ടയിലാണ് ദേവസ്വം വക ആനകൾ പരിരക്ഷിയ്ക്കപ്പെടുന്നത്. മൃഗഡോക്ടർ അടക്കമുള്ള പ്രത്യേക വിഭാഗം തന്നെയുണ്ട് പരിചരണത്തിന്. മലപ്പുറം ജില്ലയിലെ വേങ്ങാട് എന്ന സ്ഥലത്ത് ആറേക്കറോളം വിസ്തീർണ്ണമുള്ള എസ്റ്റേറ്റിലാണ് ക്ഷേത്രത്തിൽ വഴിപാടു വരുന്ന പശുക്കളെ സംരക്ഷിയ്ക്കുന്നത്. വൃന്ദാവനം എസ്റ്റേറ്റ് എന്ന പേരിൽ ഇത് അറിയപ്പെടുന്നു.

ഭക്തപ്രിയ

ശ്രീഗുരുവായുരപ്പന്റെ സന്നിധാനത്തിൽ നിന്ന് പുറത്തിറങ്ങുന്ന പ്രതിമാസ പ്രദ്ധീകരണമാണ് ഭക്തപ്രിയ. ലോകത്തിന്റെ നാനാഭാഗങ്ങളിൽ അധിവസിയ്ക്കുന്ന എണ്ണമറ്റ ഗുരുവായൂരപ്പ ഭക്തന്മാർക്ക് ഗുരുവായൂരിനെ

മനസ്സിലാക്കുന്നതിന് പര്യാപ്തമായ ഒരു പ്രസിദ്ധീകരണം എന്ന ലക്ഷ്യത്തോടെ 1986 ജനുവരിയിൽ ആരംഭിച്ച ഭക്തപ്രിയ മാസികയെ എന്നും സൂക്ഷിച്ചുവെയ്ക്കാനുള്ള റഫറൻസ് ഗ്രന്ഥമായി ഭക്തർ ആദരിയ്ക്കുന്നു. ഭക്തപ്രിയ മാസികയുടെ പ്രചാരം 15000 കോപ്പിയിൽ മേലെയാണ്. ഭക്തപ്രിയ മാസികയുടെ ചീഫ് എഡിറ്റർ പ്രൊഫ. കെ. പി.
നാരായണപ്പിഷാരടിയും എഡിറ്റർ ഡോ: ലീലാവതിയുമായിരുന്നു തുടക്കം മുതൽ 2004 ഒക്ടോബർ വരെ.

ബാങ്കുകളുടെയും നഗരി

ഗുരുവായൂരിന് ക്ഷേത്രനഗരി എന്നതിനൊപ്പം ബാങ്കുകളുടെയും നഗരി എന്ന വിശേഷണവും അനുയോജ്യം. ഇവിടെ ശാഖകളില്ലാത്ത ബാങ്കുകളില്ല. കാനറാബാങ്ക്, ബാങ്ക് ഓഫ് ബറോഡ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ബാങ്ക് ഓഫ് ഇന്ത്യ, യൂണിയൻ ബാങ്ക്, ഇന്ത്യൻ ബാങ്ക്, വിജയ ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, നെടുങ്ങാടി(പി.എൻ.ബി) ബാങ്ക്, ധനലക്ഷ്മി ബാങ്ക്, ലോർഡ് കൃഷ്ണാ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, സെഞ്ച്വറിയൻ ബാങ്ക് എന്നിവയെല്ലാം ഗുരുവായൂരപ്പന്റെ സന്നിധിയിൽ ശാഖകളുണ്ട്. ഗുരുവായൂർ ദേവസ്വം കേരളത്തിലെ ക്ഷേത്രങ്ങളുടെ ജീർണോദ്ധാരണത്തിനും വേദപാഠശാലകൾക്കും എല്ലാവർഷവും ധനസഹായം നൽകുന്നു. 25 ലക്ഷം രൂപയാണ് ഈ വകയിൽ എല്ലാ വർഷവും നീക്കിവെയ്ക്കുന്നത്.

നട തുറക്കൽ

സാധാരണ ദിവസങ്ങളിൽ അഞ്ചു പൂജകളും മൂന്നു ശീവേലികളും ഉണ്ട്. ഉദയാസ്തമന പൂജയുണ്ടെങ്കിൽ ആകെ ഇരുപത്തിയൊന്നു പൂജ വരും. വിളക്ക് നട അടയ്ക്കുമ്പോൾ അർധരാത്രിയോടടുക്കും.

3-3.10 നിർമാല്യദർശനം
3.10-3.45 തൈലാഭിഷേകം, വാകച്ചാർത്ത്, ശംഖാഭിഷേകം
3-45-4.15 മലർ നിവേദ്യം, മുഖാലങ്കാരം
4.15-4.30 ഉഷനിവേദ്യം
5.30-6.15 ദർശനം, എതിരേറ്റു പൂജ, തുടർന്ന് ഉഷപ്പൂജ
6.15-7.15 ദർശനവും ശീവേലിയും
7.15-9 പാലഭിഷേകം, നവകാഭിഷേകം, പന്തീരടി പൂജ
9-11.30 ദർശനം
11.30-12.30 ഉച്ചപൂജ
12.30-4.30 നട അടയ്ക്കൽ
4.30-6.15 ശീവേലി, ദർശനം
6.15-6.45 ദീപാരാധന (അസ്തമയമനുസരിച്ച്)
6.45-8.15 ദർശനം, അത്താഴപ്പൂജ
8.30-9 അത്താഴ ശീവേലി
9-9.15 തൃപ്പുക, ഓലവായന (ശ്രീകോവിലിൽ അഷ്ടഗന്ധം പുകയ്ക്കൽ - പത്തുകാരൻ വാരിയർ അന്നത്തെ കണക്ക് നടയ്ക്കൽനിന്നു വായിച്ച് ഭഗവാനെ ബോധ്യപ്പെടുത്തുന്നതാണ് ഓലവായന)
9.15 നട അടയ്ക്കൽ(വിളക്കുള്ള ദിവസം അതു കഴിഞ്ഞേ തൃപ്പുക പതിവുള്ളു. തൃപ്പുക കഴിഞ്ഞ് നട അടച്ചാൽ
ചൊവ്വാഴ്ച ഒഴികെ എല്ലാ ദിവസവും വഴിപാടായി കൃഷ്ണനാട്ടം ഉണ്ടായിരിയ്ക്കും) ഉദയസ്തമന പൂജയുള്ള ദിവസങ്ങളിൽ ഉച്ചപ്പൂജ വരെയുള്ള പൂജകളുടെ സമയത്തിൽ മാറ്റമുണ്ടാവും.

വഴിപാടുകൾ

കൃഷ്ണനാട്ടം ഒരു കളിയ്ക്ക് 1500 രൂപ,	ലളിതാ സഹസ്രനാമം 3 രൂപ,
പാൽപ്പായസം 10 രൂപ,	പാലട പ്രഥമൻ 70 രൂപ,
നെയ്പ്പായസം 10 രൂപ,	ഇരട്ടിപ്പായസം 70 രൂപ,
ശർക്കരപ്പായസം 10 രൂപ,	ഉദയാസ്തമന പൂജ 10,000 രൂപ,
വെള്ളനിവേദ്യം 7 രൂപ,	അഹസ്സ് 1,000 രൂപ,
അപ്പം 10 രൂപ,	വിളക്ക് 10,000 രൂപ,
അട 10 രൂപ,	ചുറ്റുവിളക്ക് 950 രൂപ (തട്ടിൽ പണം) സാധനവില
നിറമാല 75 രൂപ,	പുറമെ 100 രൂപ,
ചോറൂൺ 10 രൂപ,	ആനയൂട്ട് 4,000 രൂപ,
ഭഗവതി അഴൽ 7 രൂപ,	ഗോപൂജ 250 രൂപ,
നെയ്ജപം 2 രൂപ,	ഗോപ്രീതി 10,000 രൂപ,
വിവാഹം 100 രൂപ, ഗണപതി അർച്ചന 2 രൂപ,	ഓട്ടോറിക്ഷ, മോട്ടോർസൈക്കിൾ മുതലാവയ 50 രൂപ,
ശാസ്ത അർച്ചന 2 രൂപ,	വിദ്യാരംഭം 1രൂപ.

സമ്പാദനം ക്രോഡീകരണം : വള്ളുവനാടൻ

The blend of fine lines & shades, a heartful of faith &devotion, a prayer from deep within.

Hareesh A V
Andoor Veettil, Koottumugham(P.O),
Sreekandapuram (V.I.A), Kannur (D.T).670631



A brief introduction to the Geeta

Veena A. Nair

Om Namo Narayanaya:

Vasudevasutam Devam, Kamsa-chaanoora-mardanam
Devaki-paramaanandam-Krishnam Vande Jagatgurum

The BhagavadGeeta is Lord Krishna's advice to Arjuna on the battlefield of Kurukshetra. Arjuna here epitomizes the common man: Each one of us with our hopes and fears, desires and longings, friends and attachments.

